AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 45/2019 21.03.2019

## വേനൽക്കാല പരിരക്ഷയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കൺട്രോൾ റൂം

കേരളത്തിൽ വേനൽക്കാലത്ത് സംജാതമാകുന്ന രൂക്ഷമായ വരൾച്ചയെതുടർന്ന് കന്നുകാലികളിൽ ഉത്പാദന നഷ്ടം, സൂര്യാഘാതം എന്നിവ കണ്ടുവരുന്നു. ഈ സാഹചര്യത്തിൽ വകുപ്പുതലത്തിൽ താഴെ പറയുന്ന മുൻകരുതലുകൾ സ്വീകരിച്ചിരിക്കുന്നു.

ജില്ലകളിൽ മുൻവർഷം രൂക്ഷമായ വരൾച്ചയുണ്ടായ പഞ്ചാത്തുകൾ കണ്ടെത്തി അവിടെ കരുതൽ നടപടികൾ ആരംഭിക്കുവാൻ വേണ്ട നിർദ്ദേശം നൽകുകയുണ്ടായി. അവിടങ്ങളിൽ കന്നുകാലികൾക്ക് കുടിവെള്ളം ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീരസംഘങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടി നടപടികൾ കൈക്കൊള്ളുന്നതാണ്. കന്നുകാലികളുടെ വേനൽക്കാല പരിചരണത്തിന്റെ ഭാഗമായി തീറ്റക്രമത്തിലും പരിപാലനത്തിലും വരുത്തേണ്ട ക്രമീകരണങ്ങളെ സംബന്ധിച്ച് ബ്ലോക്കുതലത്തിൽ കർഷക ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്. പഞ്ചായത്തു തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ആക്ഷൻ പ്ലാൻ രൂപീകരിക്കുവാൻ വെറ്ററിനറി സർജൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കന്നുകാലികൾക്ക് സൂര്യാഘാതം മൂലം ഉണ്ടാകുന്ന അപകടങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുവാനും ആയതിന് നഷ്ടപരിഹാരം നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വരൾച്ചയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫോൺ നമ്പർ: 0471-2732151.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
Website: www.fibkerala.gov.in Email:fibtvm@gmail.com
Telephone: 0471 2317314